# Athmaraksha.org

സന്ദേശം : അഭിഷിക്തർ, സമർപ്പിതർ, മിഷനറികൾ

## പരദൂഷണവും, ചാരവൃത്തിയും സ്വജനപക്ഷപാതവും ഒഴിവാക്കുക- പാപ്പാ കർദ്ദിനാളന്മാരോട്



"ഒരു കർദ്ദിനാൾ കാലെടുത്തുവയ്ക്കുന്നത് റോമിലെ സഭയിലേക്കാണ്; അല്ലാതെ റോമാചക്രവർത്തിയുടെ കൊട്ടാരത്തിലേയ്ക്കല്ല." ഫ്രാൻസീസ് പാപ്പാ കർദ്ദിനാളന്മാരു മൊത്തുള്ള കുർബാനയിൽ പറഞ്ഞു.

"അതിനാൽ രാജകൊട്ടാരത്തിന്റേതായ ശീലങ്ങളെ നമുക്ക് ഉപേക്ഷിക്കാം. അവയെ ഉപേക്ഷിക്കാൻ മറ്റുള്ളവരെ നമുക്ക് സഹായിക്കാം. പരദൂഷണവും, നിഗൂഢ സഖ്യങ്ങളും, സ്വജനപക്ഷപാതവും രാജകൊട്ടാരത്തിന്റെ രീതികളാണ്. അവയൊക്കെ നാം കൈവെടിയണം." പാപ്പാ പറഞ്ഞു.

"ശത്രുക്കളെ നമുക്ക് സ്നേഹിക്കാം; ദൂഷണം പറയുന്നവരെ നമുക്ക് അനുഗ്ര ഹിക്കാം, എതിരാളികളെ സ്നേഹത്തോടെ നമുക്ക് അഭിവാദ്യം ചെയ്യാം." കർദ്ദിനാൾ സംഘത്തോടായി പാപ്പാ പറഞ്ഞു.

"അധികാരപ്രമത്തത കാണിക്കുക നമ്മുടെ ലക്ഷ്യമല്ല ;അസഹിഷ്ണുതയെ ശാന്തതകൊണ്ടു നാം നേരിടണം. നമ്മൾ അനുഭവിച്ച അപമാനങ്ങളെ നാം മറക്കണം."

ഓരോന്നിനും കല്പിക്കേണ്ട പ്രാധാന്യക്രമത്തെയും പാപ്പാ പരാമർശിച്ചു."എന്റെ സഹോദരന്മാരായ കർദ്ദിനാളന്മാരേ, ഈശോ വന്നത് നമ്മളെ ഉപചാരശീലങ്ങൾ പഠിപ്പിക്കാനല്ല; തീൻമേശയിലെ മുറകൾ അഭ്യസിപ്പിക്കാനുമല്ല. അതിനായിരുന്നെങ്കിൽ അവിടുന്ന് മനുഷ്യാവതാരമെടുത്ത് കുരിശിൽ മരിക്കേണ്ടിയിരുന്നില്ല" പാപ്പാപറഞ്ഞു നിർത്തി.